സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - ശ്രീ.അഖിൽ കൃഷ്ണൻ കെ .എസ് .ഓഫീസ് അറ്റൻ ഡൻറ് നെടുമങ്ങാട്,THS - ശൂന്യവേതനാവധി - തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ഇഡി 3/7514/2024 ജീവനക്കാര്യം(ഡി) വിഭാഗം 31-07-2025

---

വായന:-1. 30.08.2024 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
2. 23.07.2025 തീയതികളിലെ ശ്രീ.അഖിൽ കൃഷ്ണൻ കെ എസ് ന്റെ സമർപ്പണം.

ഉത്തരവ്

തിരുവനന്തപുരം , നെടുമങ്ങാട് സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ.അഖിൽ കൃഷ്ണൻ കെ എസ് നെടുമങ്ങാട് ബഥനി വ്യവസായിക പരിശീലന കേന്ദ്രത്തിൽ 2024 - 2025 അക്കാദമിക വർഷം ഡീസൽ മെക്കാനിക്ക് കോഴ്സ് പഠനം നടത്തുന്നതിനായി ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൻറെയും, അവധി അപേക്ഷയുടെയും അടിസ്ഥാനത്തിൽ കോഴ്സ് കാലാവധിയായ 01.10.2024 മുതൽ 31.07.2025 വരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I പരിശിഷ്ടം XII ബി പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് അയച്ചിട്ടുള്ളതും, സർക്കാരിൽ നിന്നും അവധി അനുവദിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ ടിയാൻ പഠനത്തിനായി അവധിയിൽ പ്രവേശിക്കുകയുമുണ്ടായി.
ടിയാൻറെ പഠനകാലാവധി 31.07.2025 - ൽ അവസാനിച്ചതിനാൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ച് കൊണ്ട് ശ്രീ.അഖിൽ കൃഷ്ണൻ കെ എസ് സമർപ്പിച്ച അപേക്ഷ 23.07.2025 തിയതിയിൽ സൂചന (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

ആയതിനാൽ നെടുമങ്ങാട് ബഥനി വ്യവസായിക പരിശീലന കേന്ദ്രത്തിൽ ഒരു വർഷത്തെ ഡീസൽ മെക്കാനിക് കോഴ്സ് പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന ശ്രീ. അഖിൽ കൃഷ്ണൻ കെ എസ് -ൻറെ അപേക്ഷ പരിഗണിച്ചു കൊണ്ട്, നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ ഓഫീസ് അറ്റൻ ഡൻറ് തസ്തികയിലെ ശ്രീമതി കൃഷ്ണേന്ദു. ബി. എസ് സ്ഥലം മാറുന്ന ഒഴിവിൽ ടിയാന് പുന:പ്രവേശനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാൻ നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ 1-8-2025 തീയതിയിൽ ഓഫീസ് അറ്റൻ ഡൻറ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാൻ സേവനത്തിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
ഈ ഉത്തരവ് സർക്കാർ ടിയാന് ശൂന്യ വേതന അവധി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിധേയമായിട്ടുള്ളതാണ്.

Signed by
Deepa V
Date: 31-07-2025 11:10:06

Deepa V
SENIOR ADMINISTRATIVE OFFICER

1.സൂപ്രണ്ട്, സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ, നെടുമങ്ങാട്
2.ശ്രീ..അഖിൽ കൃഷ്ണൻ .കെ എസ് , ഓഫീസ് അറ്റൻ ഡൻറ് ,സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ , നെടുമങ്ങാട് (സ്ഥാപന മേധാവി വഴി)
3.ഇ-ഓഫീസ് കരുതൽ സഞ്ചയം